**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2292** **05.02.2018-ൽ മറുപടിക്ക്**

## നികുതി വെട്ടിപ്പ് തടയാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താക്കളിൽ നിന്നു ജി.എസ്.ടി. ഈടാക്കിയ ശേഷം ആയത് സർക്കാരിൽ അടക്കാത്തതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് നോട്ടീസ് നല്കിയിട്ടുണ്ട്; | (എ) യും (ബി) യും (സി) യും | ഉപഭോക്താക്കളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയ ശേഷം ആയത് സർക്കാരിൽ അടക്കാത്തത് സംബന്ധിച്ച് നോട്ടീസുകൾ നൽകിയിട്ടില്ല. ഇത്തരക്കാരെ പിടികൂടുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂടാതെ കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായ വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നുണ്ട്. കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുകയും അവർ കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നു.<br><br>01.02.2018 മുതൽ ഇ-വേയ് ബിൽ സമ്പ്രദായം നടപ്പിലാക്കിയതു വഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകുമെന്ന് കരുതുന്നു. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ |
| (ബി) | ഇത്തരക്കാരെ പിടികൂടുന്നതിനായി വാണിജ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതിവെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നു. അതിർത്തിപ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാനിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**